**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 456** **23-07-2021 - ൽ മറുപടിയ്ക്ക്**

**കൃഷിനാശത്തിന് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗങ്ങൾ മൂലം ഉണ്ടാകുന്ന കൃഷിനാശത്തിന് സർക്കാർ നഷ്ടപരിഹാരം നൽകുന്നുണ്ടോ; | (എ) | വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് സർക്കാർ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. |
| (ബി) | എങ്കിൽ നഷ്ടപരിഹാരം ലഭിക്കുന്നതിനു വേണ്ട നടപടിക്രമം വ്യക്തമാക്കാമോ; | (ബി) | വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി ഇ-ഡിസ്ട്രിക്ട് മുഖേന ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് ഓൺലൈൺ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, ഭൂമിയുടെ കൈവശരേഖ/ കരം അടച്ച രസീത്, ദേശസാത്കൃത ബാങ്ക് പാസ് ബുക്ക്, കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് എന്നിവയും സമർപ്പിക്കേണ്ടതാണ്. |
| (സി) | നഷ്ടപരിഹാര തുക നിശ്ചയിക്കുന്നതിന് മാനദണ്ഡങ്ങളുണ്ടോ; വിശദമാക്കാമോ? | (സി) | വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് 08-01-20 15-ലെ സ.ഉ (കൈ)നം.2/20 15,/വനം ഉത്തരവിൽ പറയും പ്രകാരം ഓരോ കാർഷിക വിളകൾക്കും നഷ്ടപരിഹാരം അനുവദിച്ചുവരുന്നുണ്ട്. 05-04-2018-ലെ സ.ഉ (കൈ) നം. 17/2018/വനം ഉത്തരവ് പ്രകാരം കൃഷിനാശത്തിന് കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100% (പരമാവധി ഒരു ലക്ഷം രൂപ) ആണ് നുവദിക്കുന്നത്. ഒരു വ്യക്തിക്ക് വർഷത്തിൽ നാല് തവണവരെയാണ് നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുള്ളത്. കൃഷി നാശം ഉണ്ടായി ആറ് മാസത്തിനകം അപേക്ഷകൻ നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ